(ഡി) ഇതിനായി സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചു ;

(ഇ) പട്ടികജാതി - വർഗ്ഗ സങ്കേതങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(എഫ്) ഈ സങ്കേതങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 352 പട്ടികജാതി സങ്കേതങ്ങൾ തീവ്രസങ്കേത വികസന പരിപാടി നടപ്പാക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പട്ടികജാതി സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയാണ് സങ്കേതങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം. പട്ടികവർഗ്ഗ സങ്കേതങ്ങൾ ഏറ്റെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(എഫ്) പട്ടികജാതി സങ്കേതങ്ങളിൽ വീട്, ശുദ്ധജലം, വൈദ്യുതി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ ഓരോ വർഷവും നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനനിർമ്മാണം, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനാണ് മുൻഗണന നൽകി വരുന്നത്.

കായംകുളത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

11 (159) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) കായംകുളം എം.എസ്.എം. കോളേജ്, ടി.കെ.എം.ആർട്സ് കോളേജ്, നങ്ങ്യാർകുളങ്ങര എന്നിവിടങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ആകെ എണ്ണം 1999-2000-ാമാണ്ടിലെ കണക്ക് പ്രകാരം വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വിദ്യാലയ വർഷം തന്നെ കായംകുളത്ത് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുയോജ്യമായ വാടക കെട്ടിടം അന്വേക്ഷിച്ചുവരുന്നു.

(ബി) കായംകുളം എം. എസ്. എം. കോളേജിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 504 വിദ്യാർത്ഥികളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് (2) വിദ്യാർത്ഥികളും പഠിക്കുന്നു. നങ്ങ്യാർകുളങ്ങര ടി. കെ. എം. ആർട്സ് കോളേജിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 277 വിദ്യാർത്ഥികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (രണ്ട്) 2 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

ഭവന നിർമ്മാണത്തിന് ചെലവഴിച്ച തുക

12 (160) ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത കർഷക തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനു വേണ്ടി കഴിഞ്ഞ വർഷം ഭൂമി വാങ്ങിക്കൊടുക്കാൻ എന്തു തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി എത്ര കുടുംബങ്ങൾക്ക് പ്രയോജനം ഉണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കൊല്ലം എത്ര കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ട തൊഴിലാളികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഭൂരഹിത കർഷകതൊഴിലാളികൾക്കായി ഇത്തരം ഒരു പദ്ധതി നിലവിലില്ലായിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയ പുനരധിവാസ പദ്ധതിപ്രകാരം കഴിഞ്ഞ വർഷം 2207 പട്ടികജാതി കുടുംബങ്ങൾക്കും 375 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥലം വാങ്ങാനും വീട് വയ്ക്കാനും സഹായം നൽകിയിട്ടുണ്ട്.

(സി) ഈ വർഷം ഭൂരഹിതരായവർക്ക് വീട്വയ്ക്കാനാവശ്യമായ സ്ഥലം വാങ്ങാൻ ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 999.45 ലക്ഷം രൂപ ഇതിനായി മാറ്റി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly